ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 27.07.2025 TIME : 07.25 PM

## പ്രധാന വാർത്തകൾ

1. 21-ാം നൂറ്റാണ്ടിലെ ഇന്ത്യയിൽ ശാസ്ത്രം അതിവേഗം വളരുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി; വസ്ത്രനിർമാണ മേഖലക്ക് ഇന്ത്യ കൂടുതൽ പ്രോൽസാഹനം നൽകണമെന്ന് മൻ കി ബാത്തിൽ പ്രധാനമന്ത്രി.

   **Science is growing rapidly in 21st century India, says PM Narendra Modi; PM urges India to give more impetus to garment sector in Mann Ki Baat.**

2. പ്രധാനമന്ത്രി തമിഴ്നാട്ടിലെ ഗംഗൈകൊണ്ട ചോളപുരം സന്ദർശിച്ചു; രാജേന്ദ്ര ചോളൻ ചക്രവർത്തിയുടെ ജന്മവാർഷിക ആഘോഷങ്ങളിൽ പ്രധാനമന്ത്രി പങ്കെടുത്തു.

   **PM visits Gangaikonda Cholapuram in Tamil Nadu; PM participates in birth anniversary celebrations of emperor Rajendra Chola.**

3. ഓപ്പറേഷൻ സിന്ദൂർ ലോക്സഭ നാളെ ചർച്ച ചെയ്യേക്കും; സിന്ദൂറിൻറെ വിജയത്തിൽ സുപ്രധാനഘടകമായത് തടസ്സമില്ലാത്ത സേവന-സാമഗ്രികളുടെ വിതരണമെന്ന് രാജ്യരക്ഷ മന്ത്രി രാജ്നാഥ് സിംഗ്.

   **Operation Sindoor likely to be discussed in Lok Sabha tomorrow; Defence Minister Rajnath Singh says uninterrupted LOGISTICS was key to success of Sindoor.**

4. സംസ്ഥാനത്ത് മഴ തുടരും; ഇടുക്കി, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഓറഞ്ച് ജാഗ്രത.

   **Rain to continue in state; Orange alert in Idukki, Kannur and Kasaragod districts.**

5. ഇംഗ്ലണ്ടിന് എതിരായ നാലാം ക്രിക്കറ്റ് ടെസ്റ്റിൻറെ രണ്ടാമിന്നിംഗ്സിൽ ഇന്ത്യയുടെ ബാറ്റിംഗ് പുരോഗമിക്കുന്നു

**India's batting in progress in second innings of fourth cricket Test against England**

**&&&&&&&&&&&&&&&&&&**

## MAN KI BAAT (INTRO)

21-ാം നൂറ്റാണ്ടിലെ ഇന്ത്യയിൽ ശാസ്ത്രം അതിവേഗം വളരുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇന്ത്യ ഇപ്പോൾ ഒളിമ്പിക്സിലും ഒളിമ്പ്യാഡുകളിലും ഒരുപോലെ മുന്നേറുകയാണെന്നും പ്രധാനമന്ത്രി മൻ കി ബാത്തിൽ പറഞ്ഞു. വ്യോമസേന ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാൻഷു ശുക്ല ബഹിരാകാശത്ത് നിന്ന് ഭൂമിയിൽ സുരക്ഷിതമായി ഇറങ്ങിയത് രാജ്യത്തിനാകെ അഭിമാനമാണെന്നും അദ്ദേഹം പറഞ്ഞു. രാജ്യത്തെ ബഹിരാകാശ സ്റ്റാർട്ടപ്പുകളും ദ്രുതഗതിയിലുള്ള വളർച്ചാപാതയിലാണ്. അഞ്ച് വർഷം മുമ്പ് ബഹിരാകാശ മേഖലയിൽ 50-ൽ താഴെ സ്റ്റാർട്ടപ്പുകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂവെന്നും ഇപ്പോൾ എണ്ണം 200-ലധികമായി വർദ്ധിച്ചുവെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

(പ്രധാനമന്ത്രി വോയിസ്)

(വോയിസ്)

വസ്ത്രനിർമാണ മേഖല രാജ്യത്തിന്റെ പ്രധാന ശക്തിയായി മാറിയിട്ടുണ്ടെന്നും സാമ്പത്തികമേഖല എന്നതിലുപരിയായി രാജ്യത്തിന്റെ സാംസ്കാരിക വൈവിധ്യത്തിന്റെ പ്രതിനിധാനം കൂടിയാണ് ഈ മേഖലയെന്നും പ്രധാനമന്ത്രി പറഞ്ഞു. 2047 ലെ വികസിത ഇന്ത്യ യിലേക്കുള്ള പാത സ്വാശ്രയത്വത്തിലൂടെയാണ് കടന്നുപോകുന്നത്. ഇന്ത്യയിൽ നിർമ്മിച്ച ഉൽപ്പന്നങ്ങൾ മാത്രം വാങ്ങാനും വിൽക്കാനും പരമാവധി ശ്രമിക്കണമെന്നും പ്രധാനമന്ത്രി ജനങ്ങളോട് അഭ്യർത്ഥിച്ചു. 11 വർഷം പൂർത്തിയാക്കുന്ന സ്വച്ഛ് ഭാരത് മിഷൻ, 4,500-ലധികം നഗരങ്ങളും പട്ടണങ്ങളും കൂടി ഈ വർഷം പങ്കെടുക്കുന്നതോടെ ഒരു ബഹുജന പ്രസ്ഥാനമായി മാറിയിരിക്കുകയാണെന്നും പ്രധാനമന്ത്രി പറഞ്ഞു. എണ്ണമറ്റ ത്യാഗങ്ങളിലൂടെയാണ് ഇന്ത്യ സ്വാതന്ത്ര്യം നേടിയതെന്നും,

ദേശസ്നേഹികൾ അവരുടെ രക്തം കൊണ്ട് പരിപോഷിപ്പിച്ചതാണ് ഇന്ത്യയുടെ സ്വാതന്ത്ര്യ പ്രസ്ഥാനം. വിഭജനത്തിന്റെ വേദന ഇന്ത്യയുടെ സ്വാതന്ത്ര്യവുമായി ഇഴചേർന്നിരിക്കുന്നതിനാലാണ് ഓഗസ്റ്റ് 14 വിഭജന ഭീകരത ഓർമ്മ ദിനമായി ആചരിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

(പ്രധാനമന്ത്രി വോയിസ്)

(വോയിസ്)

ഗ്രാമങ്ങളിലും ദരിദ്രരിലും പെൺകുട്ടികളിലും ശ്രദ്ധ കേന്ദ്രീകരിച്ച് ഇന്ത്യയെ ഒരു കായിക സൂപ്പർ പവറായി മാറ്റുക എന്നതാണ് രാജ്യത്തിന്റെ ലക്ഷ്യം എന്ന് അദ്ദേഹം പറഞ്ഞു. കായിക-പഠനശാസ്ത്ര മേളകളിൽ നേട്ടം കൈവരിച്ച ഇന്ത്യൻ വിദ്യാർത്ഥികളെയും ശ്രീ മോദി പ്രശംസിച്ചു. രാജ്യത്തെ കോട്ടകൾ ഇന്ത്യയുടെ പൈതൃകത്തിന്റെ പ്രതീകങ്ങളാണെന്നും കോട്ടകൾ സന്ദർശിച്ച് അവയുടെ ചരിത്രം പഠിക്കണമെന്നും പ്രധാനമന്ത്രി ജനങ്ങളോട് അഭ്യർത്ഥിച്ചു. പുരാതന കൈയെഴുത്തു പ്രതികളിൽ സംരക്ഷിക്കപ്പെട്ടിരിക്കുന്ന അറിവിലാണ് ഇന്ത്യയുടെ യഥാർത്ഥ ശക്തി. ഈ അസാധാരണ പൈതൃകം സംരക്ഷിക്കേണ്ടത് ഓരോ പൗരന്റെയും ഉത്തരവാദിത്തമാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. ഇന്ത്യയുടെ ജൈവവൈവിധ്യത്തെക്കുറിച്ചുള്ള ആഗോള അംഗീകാരം വർദ്ധിപ്പിക്കുന്നതിനുള്ള സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.ഉത്സവങ്ങളും പാരമ്പര്യങ്ങളും ഇന്ത്യൻ സംസ്കാരത്തിന്റെ അവിഭാജ്യ ഘടകമാണെന്ന് പറഞ്ഞ മോദി, രാജ്യത്തെ ജനങ്ങൾക്ക് നാഗപഞ്ചമി, രക്ഷാബന്ധൻ, ജന്മാഷ്ടമി ആശംസകളും നേർന്നു.

&&&&&&&&&&&&&&&&

## MAN KI BAAT - RESPONSE (INTRO)

പ്രധാനമന്ത്രിയുടെ മൻ കി ബാത്തിന്റെ നൂറ്റി ഇരുപത്തി നാലാം പതിപ്പിനെ കുറിച്ചുള്ള പ്രതികരണം ആകാശവാണിയുമായി പങ്കുവെക്കുകയാണ് കണ്ണൂർ സ്വദേശിയും ഗവേഷക വിദ്യാർത്ഥിയുമായ വിനത അശോക്.

(വോയ്സ്)

&&&&&&&&&&&&&&&&

## LOK SABHA – OPERATION SINDOOR

ഓപ്പറേഷൻ സിന്ദൂർ ലോക്സഭ നാളെ ചർച്ച ചെയ്യേക്കും. പഹൽഗാം ഭീകരാക്രമണം, ഓപ്പറേഷൻ സിന്ദൂർ എന്നിവ സംബന്ധിച്ച് പാർലമെൻറിൻറെ വർഷകാല സമ്മേളനത്തിൽ പ്രത്യേക ചർച്ചയുണ്ടാകുമെന്ന് ബിസിനസ് അഡ്വൈസറി കമ്മിറ്റിയോഗത്തിൽ തീരുമാനിച്ചതായി നേരത്തെ കേന്ദ്രമന്ത്രി കിരൺറിജിജു അറിയിച്ചിരുന്നു. 16 മണിക്കൂറാണ് ലോക്സഭയിൽ ചർച്ചക്കായി സമയം അനുവദിച്ചിരിക്കുന്നത്. തുടർന്ന് ചൊവ്വാഴ്ച രാജ്യസഭയും 16 മണിക്കൂർ വിഷയം ചർച്ച ചെയ്യും.

&&&&&&&&&&&&&&&&

## RAJNATH – CONVOCATION

ഓപ്പറേഷൻ സിന്ദൂറിന്റെ വിജയനിർണയത്തിൽ സുപ്രധാന ഘടകമായത് തടസ്സമില്ലാത്ത സേവനോപകാരണ വിതരണമാണെന്ന് രാജ്യരക്ഷ മന്ത്രി രാജ്നാഥ് സിംഗ്.വഡോദരയിലെ ഗതി ശക്തി വിശ്വവിദ്യാലയത്തിൽ നടന്ന ബിരുദദാന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സേവനോപകരണവിതരണത്തെ കേവലം വിതരണപ്രക്രിയയായി മാത്രം കാണാൻ കഴിയില്ലെന്നും അതിന്റെ തന്ത്രപരമായ പ്രാധാന്യം വളരെ വലുതാണെന്നും ശ്രി രാജ്നാഥ് സിംഗ് പറഞ്ഞു.ഉത്പാദനത്തെയും ഉപഭോഗത്തെയും ബന്ധിപ്പിക്കുകവഴി രാജ്യത്തിൻറെ സാമ്പത്തിക മേഖലയുടെ വളർച്ചയിൽ ഒഴിച്ചുകൂടാനാവാത്തതാണ് ലോജിസ്റ്റിക്.കോവിഡ് വ്യാപനകാലത്തുൾപ്പെടെ രാജ്യം നേരിട്ട പ്രതിസന്ധിഘട്ടങ്ങളിലെല്ലാം സേവനോപകാരണവിതരണം വലിയ മുതൽക്കൂട്ടായിരുന്നുവെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&

**REV PM-HARIDWAR STAMPEDE**

ഉത്തരാഖണ്ഡിൽ മാൻസ ദേവി ക്ഷേത്രത്തിലുണ്ടായ അപകടത്തിൽ ആറോളം പേർക്ക് ജീവൻ നഷ്ടപ്പെട്ട സംഭവത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമുവും പ്രധാനമന്ത്രി നരേന്ദ്ര മോദിയും ദുഃഖം രേഖപ്പെടുത്തി. മരിച്ചവരുടെ അടുത്ത ബന്ധുക്കൾക്ക് 2 ലക്ഷം രൂപ വീതവും പരിക്കേറ്റവർക്ക് 50,000 രൂപ വീതവും സംസ്ഥാന സർക്കാർ നഷ്ടപരിഹാരം പ്രഖ്യാപിച്ചു. പ്രദേശത്ത് വൈദ്യുത പ്രവാഹം പടരുന്നുവെന്ന അഭ്യൂഹത്തെ തുടർന്ന് ഉണ്ടായ തിക്കിലും തിരക്കിലും പെട്ടാണ് അപകടം. 20 പേർക്ക് പരിക്കേറ്റു.സംഭവത്തിൽ മുഖ്യമന്ത്രി പുഷ്കർ സിംഗ് ധാമിയും അനുശോചനം രേഖപ്പെടുത്തി.

&&&&&&&&&&&&&&&&

**GUJARAT-VAISHNAW**

ഗുജറാത്തിലെ വിവിധ റെയിൽവേ പദ്ധതികളുടെ പുരോഗതിയെക്കുറിച്ച് കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് വിലയിരുത്തി. വഡോദരയിൽ ചേർന്ന അവലോകന യോഗത്തിൽ എം.പിയും റയിൽവേയുടെ ഉന്നത ഉദ്യോഗസ്ഥരും പങ്കെടുത്തു. തുടർന്ന് മന്ത്രി 'മാൻ കി ബാത്ത്' പരിപാടിയും ശ്രവിച്ചു.

&&&&&&&&&&&&&&&&

**A P J ABDUL KALAM**

മുൻ രാഷ്ട്രപതിയും വിഖ്യാത ശാസ്ത്രജ്ഞനുമായ ഡോ. എ.പി.ജെ. അബ്ദുൾ കലാമിന്റെ ചരമവാർഷിക ദിനത്തിൽ രാഷ്ട്രം ശ്രദ്ധാഞ്ജലി അർപ്പിച്ചു. ഇന്ത്യയുടെ ബഹിരാകാശ, മിസൈൽ വികസന മേഖലകളിൽ ഡോ. കലാം വഹിച്ച പങ്ക് നിർണായകമാണ് . 'ഇന്ത്യയുടെ മിസൈൽ മാൻ' എന്നും അദ്ദേഹം അറിയപ്പെടുന്നു. പ്രധാനമന്ത്രി നരേന്ദ്ര മോദി മുൻ രാഷ്ട്രപതിക്ക് ശ്രദ്ധാഞ്ജലി അർപ്പിച്ചു. വികസിതവും ശക്തവുമായ ഇന്ത്യ കെട്ടിപ്പടുക്കുന്നതിന് സംഭാവന നൽകാൻ ഡോ. കലാമിന്റെ ചിന്തകൾ രാജ്യത്തെ

യുവാക്കളെ പ്രേരിപ്പിക്കുന്നതായി പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&

## PM – CHOLA (INTRO)

രാജ രാജ ചോളനും രാജേന്ദ്ര ചോളനും ഇന്ത്യയുടെ പ്രതാപത്തിൻറേയും വ്യക്തിത്വത്തിൻറേയും പ്രതീകമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. തമിഴ്നാട്ടിലെ ഗംഗൈക്കൊണ്ട ചോളപുരം ക്ഷേത്രത്തിൽ നടക്കുന്ന രാജേന്ദ്ര ചോളൻ ഒന്നാമൻറെ ജന്മവാർഷിക ആഘോഷങ്ങളിൽ പങ്കെടുക്കുകയായിരുന്നു പ്രധാനമന്ത്രി. തമിഴ്നാട് സന്ദർശനത്തിൻറെ ഭാഗമായി പ്രധാനമന്ത്രി ഗംഗൈകൊണ്ട ചോളപുരം ക്ഷേത്രത്തിൽ ദർശനം നടത്തി. രാജ്യത്തെ 140 കോടി ജനങ്ങളുടെ ക്ഷേമത്തിനായി പ്രാർത്ഥിച്ചതായി അദ്ദേഹം പറഞ്ഞു.
(ഹോൾഡ് വോയ്സ്)

ചോള ചക്രവർത്തിയായ രാജേന്ദ്ര ചോളൻ ഒന്നാമൻറെ സ്മരണാർത്ഥം പ്രധാനമന്ത്രി നാണയം പുറത്തിറക്കി. ചോള ചക്രവർത്തിയുടെ ജന്മനക്ഷത്ര ദിനത്തിൽ നടക്കുന്ന ആടി തിരുവാതിര ഉത്സവത്തിലും അദ്ദേഹം പങ്കെടുത്തു.

&&&&&&&&&&&&&&&&

## JNANASABHA

ദേശീയ വിദ്യാഭ്യാസം ജോലി നേടാനുള്ള മാർഗം മാത്രം ആകരുതെന്നും സ്വന്തം കാലിൽ നിൽക്കാൻ കഴിയുക എന്നതാവണം ലക്ഷ്യമെന്നും ആർഎസ്എസ് മേധാവി മോഹൻ ഭാഗവത്. കൊച്ചിയിൽ ദേശീയ വിദ്യാഭ്യാസ നയത്തെകുറിച്ച് സംഘടിപ്പിച്ച നയസംവാദ, നേതൃത്വ സമ്മേളനമായ ജ്ഞാനസഭയിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. മറ്റുള്ളവർക്ക് വേണ്ടി ജീവിക്കേണ്ടതിന്റെ മഹത്വമാണ് വിദ്യാഭ്യാസമെന്നും ശ്രീ മോഹൻ ഭാഗവത് പറഞ്ഞു. സമൂഹത്തിന്റെ എല്ലാ മേഖലയുടെയും വികസനം എന്നതാണ്

വികസിത ഭാരതം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതന്ന് പരിപാടിയിൽ പങ്കെടുത്ത ഗവർണർ രാജേന്ദ്ര ആർലേക്കർ പറഞ്ഞു. ശിക്ഷ സംസ്കൃതി ഉദാൻ ന്യാസ് സംഘടിപ്പിക്കുന്ന പരിപാടിയിൽ വിവിധ സർവകലാശാലകളിലെ വൈസ് ചാൻസലർമാരും വിദ്യാഭ്യാസ വിദഗ്ധരും പങ്കെടുക്കുന്നു.

&&&&&&&&&&&&&&&&

## WEATHER – KERALA

കേരളത്തിൽ ശക്തമായ മഴ തുടരുന്നു. സംസ്ഥാനത്തെ വിവിധയിടങ്ങളിൽ മഴക്കെടുതികൾ റിപ്പോർട്ട് ചെയ്തു. മലപ്പുറം പൊന്നാനി പാലപ്പെട്ടിയിലും വെളിയങ്കോട്ടും രൂക്ഷമായ കടലാക്രമണം ഉണ്ടായി. പ്രദേശത്തെ രണ്ട് വീടുകൾ തകരുകയും, നിരവധി വീടുകളിലേക്ക് വെള്ളം കയറുകയും ചെയ്തു. കനത്ത മഴയിലും കാറ്റിലും പത്തനംതിട്ട ജില്ലയിലെ റാന്നി താലൂക്കിൽ രണ്ട് വീടുകൾ പൂർണമായി തകർന്നു. ജില്ലയിലെ ആറ് താലൂക്കുകളിലായി 105 വീടുകൾ ഭാഗികമായും തകർന്നു. മൂന്നാർ – ദേവികുളം റോഡിൽ തുടർച്ചയായി മണ്ണിടിച്ചിൽ ഉണ്ടാകുന്നതിൻ്റെ പശ്ചാത്തലത്തിൽ ഇതുവഴിയുള്ള ഗതാഗതം നിരോധിച്ചു. പമ്പ നദിയുടെയും കക്കാട്ടാറിൻ്റെയും ഇരുകരകളിൽ താമസിക്കുന്നവർ ജാഗ്രത പുലർത്തണമെന്ന് ദുരന്തനിവാരണ അതോറിറ്റി അറിയിച്ചു. ഇടുക്കി ഡാമിൽ ജലനിരപ്പ് 2372.58 അടി പിന്നിട്ടതോടെ നീല ജാഗ്രത പുറപ്പെടുവിച്ചു. വരും ദിവസങ്ങളിലും മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. കണ്ണൂർ-കാസറഗോഡ് ജില്ലകളിലെ തീരങ്ങളിൽ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു. കേരള – ലക്ഷദ്വീപ് തീരങ്ങളിൽ ചൊവ്വാഴ്ച വരെയും കർണാടക തീരത്ത് വ്യാഴാഴ്ച വരെയും, മത്സ്യബന്ധനത്തിന് പോകാൻ പാടില്ല.

&&&&&&&&&&&&&&&&

## CRICKET

ഇന്ത്യ-ഇംഗ്ലണ്ട് നാലാം ക്രിക്കറ്റ് ടെസ്റ്റിൻറെ അവസാനദിനമായ ഇന്ന് രണ്ടാമിന്നിംഗ്സ് ബാറ്റിംഗ് തുടരുന്ന ഇന്ത്യ , ഒടുവിൽ വിവരം ലഭിക്കുമ്പോൾ നാല് വിക്കറ്റ് നഷ്ടത്തിൽ 278 റൺസ് എടുത്തിട്ടുണ്ട്. 39 റൺസുമായി വാഷിങ്ടൺ സുന്ദറും 32 റൺസുമായി രവീന്ദ്രജഡേജയുമാണ് ക്രീസിൽ. ടോസ് നഷ്ടപ്പെട്ട് ബാറ്റിങ്ങിനിറങ്ങിയ ഇന്ത്യ ഒന്നാമിന്നിങ്സിൽ 358 റൺസ് നേടിയപ്പോൾ മറുപടി ബാറ്റിങ്ങിൽ ഇംഗ്ലണ്ട് 669 റൺസ് നേടിയിരുന്നു. അഞ്ചു മത്സര പരമ്പര നിലവിൽ ഇംഗ്ലണ്ട് 2-1 നു ലീഡ് ചെയ്യുകയാണ്.

&&&&&&&&&&&&&&&&
&&&&&&&&
&&